ഗിരിവർഗ്ഗക്ഷേമ പദ്ധതി ഫണ്ട് ക്രമക്കേടും വകമാറ്റി ചെലവഴിക്കലും സംബന്ധിച്ച്

87 (4028) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02 സാമ്പത്തിക വർഷം ഗിരിവർഗ്ഗ ക്ഷേമ പദ്ധതി ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ക്രമക്കേടുകളും വകമാറ്റി ചെലവഴിക്കലും സർക്കാർ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) ഇതിന് കാരണക്കാരായവരുടെമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം.

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ക്രമക്കേട് നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ പരിശോധന നടത്തിയിട്ടില്ല.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

ഇടുക്കിയിലെ പട്ടികവർഗ്ഗ സെറ്റിൽമെന്റുകൾ

88 (4029) ശ്രീ. കെ. ബാബു :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കിയിൽ എത്ര പട്ടികവർഗ്ഗ സെറ്റിൽമെന്റുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഉൾക്കാട്ടിൽ സ്ഥിതി ചെയ്യുന്നവയെത്ര ;

(സി) മഴക്കാലത്ത് ഇടുക്കി ട്രൈബൽ സെറ്റിൽമെന്റുകളിലെ പനി, വയറിളക്കം, മറ്റ് രോഗങ്ങൾ എന്നിവ എത്രപേർക്ക് പിടിപെട്ടു ;

(ഡി) ഇവർക്ക് ആഹാരം, മരുന്ന് എന്നിവയെത്തിക്കുവാൻ എന്തെല്ലാം നടപടികളെടുത്തു ; വിശദവിവരം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly